# പതിമൂന്നാം കേരള നിയമസഭ
# (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 136 09/03/2015-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർധിപ്പിക്കുന്നതിനുളള നടപടി

**ചോദ്യം**
**ശ്രീ. ജെയിംസ് മാത്യൂ:**

**മറുപടി**
**ശ്രീ. കെ. ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):**

(എ) കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ 2014-15 സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(എ) 2014-15 സാമ്പത്തിക വർഷം 32.76 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞവയിൽ ഏതെല്ലാം ആവശ്യങ്ങൾക്ക് എത്ര തുക വീതം എന്നത് കണക്കാക്കി ആകെ തുകയുടെ പട്ടിക നൽകാമോ;

(ബി)

| ക്രമ നം | പദ്ധതികൾ | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മത്സ്യവിത്ത് ഉൽപാദനം/ഹാച്ചറികൾ സ്ഥാപിക്കൽ | 700.00 |
| 2 | ഒരു നെല്ലും ഒരു മീനും പദ്ധതി | 100.00 |
| 3 | എഫ് എഫ് ഡി എ വഴി നടപ്പിലാക്കുന്ന ഉൾനാടൻ മത്സ്യകൃഷി | 800.00 |
| 4 | മത്സ്യവിഭവങ്ങളുടെ സംരക്ഷണവും, പരിപാലനവും | 250.00 |
| 5 | മത്സ്യസമൃദ്ധി | 905.00 |
| 6 | ഡെമോൺസ്ട്രേഷൻ ഫാമുകൾ | 50.00 |
| 7 | പതിമൂന്നാം ധനകാര്യകമ്മീഷൻ, കുട്ടനാട് പാക്കേജ് | 471.00 |
| | ആകെ | 3276.00 |

(സി) ഇങ്ങനെ മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത സ്ഥലങ്ങളിൽ അവയുടെ സംരക്ഷണത്തിനും, പരിപാലനത്തിനും സ്വീകരിച്ച തുടർനടപടികൾ എന്തെന്നും ഇതിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ എന്നും വിശദമാക്കാമോ ?

(സി) ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരും, തദ്ദേശസ്വയംഭരണസ്ഥാപന പ്രതിനിധികളും, പഞ്ചായത്ത് തലത്തിൽ നിയമിച്ചിട്ടുളള അക്വാകൾച്ചർ കോ:ഓർഡിനേറ്റർമാരും ചേർന്ന് ഒരു സമിതി രൂപീകരിക്കുകയും ടി സമിതി മത്സ്യകർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും സാങ്കേതിക/ സാമ്പത്തിക സഹായങ്ങൾ അനുവദിക്കുകയും ചെയ്യുന്നു. പൊതുജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യക്കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലനത്തിനുമായി മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കൽ, കൃത്രിമ പാരുകൾ നിക്ഷേപിക്കൽ, മത്സ്യ/കൊഞ്ച് നിക്ഷേപം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. അനധികൃത മത്സ്യബന്ധനം തടയുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തി വരുന്നുണ്ട്. ഇതിനുപുറമെ കായൽ പട്രോളിംഗും നടത്തുന്നുണ്ട്. മേൽപറഞ്ഞ പദ്ധതികൾക്കാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**